

# എന്താണ് സ്തനാർബുദം?

## അപകടകരമായ ഘടകങ്ങൾ എന്തെല്ലാം? സ്തനാർബുദത്തെ ഭയക്കേണ്ടതുണ്ടോ?

ശരീരത്തിലെ അസ്വാഭാവിക കോശങ്ങളുടെ അനിയന്ത്രിതമായ വളർച്ചയെയാണ് അർബുദം അഥവാ കാൻസർ എന്ന് പറയുന്നത്. അർബുദം ബാധിച്ച കോശങ്ങൾക്ക് മറ്റ് ശരീരഭാഗങ്ങളിലേക്ക് പടരാൻ കഴിയും.
സ്തനങ്ങളെ ബാധിക്കുന്ന അർബുദമാണ് സ്തനാർബുദം. പ്രായലിംഗഭേദമന്യെ ആരെയും ബാധിക്കാവുന്ന ഒന്നാണ് സ്തനാർബുദം.



IISER TVM

## iGEM IISER TVMനെ കുറിച്ച്

വർഷം തോറും അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന സിന്തറ്റിക് ബയോളജി മത്സരമായ iGEM (ഇന്റർനാഷണൽ ജനിറ്റിക്കലി എഞ്ചിനീർഡ് മെഷീൻ )ന്റെ 2022 പതിപ്പിൽ പങ്കെടുക്കുന്ന തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസേർച്ചിലെ (ഐസർ ) 16 വിദ്യാർത്ഥികൾ ആണ് ഞങ്ങൾ . ഓരോ വർഷവും ലോകമെമ്പാടും ഉള്ള വിദ്യാർഥികൾ ഈ മത്സരത്തിൽ പങ്കെടുക്കുന്നു. ആഗോള തലത്തിലുള്ളതും പ്രാദേശികമായതുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് ഈ മത്സരത്തിന്റെ ലക്ഷ്യം. സ്തനാർബുദത്ത്തിനെത്തിരെയുള്ള നൂതനമായ ഒരു ചികിത്സ സംവിധാനം കണ്ടെത്താനാണ് ഇത്തവണ ഞങ്ങളുടെ ശ്രമം.

സംഭാവന ചെയ്തുകൊണ്ട് ഞങ്ങളെ പിന്തുണയ്ക്കുക

സ്തനാർബുദത്തെ നേരിടാൻ IISER TVM വിദ്യാർത്ഥികൾ നടത്തുന്ന സംരംഭത്തിന്റെ ഭാഗമാകൂ

THIRUVANANTHAPURAM



IISER THIRUVANANTHAPURAM

# സ്തനാർബുദ ബോധവൽക്കരണം

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നെടുമങ്ങാട് ശാഖയുടെയും iGEM IISER തിരുവനന്തപുരം കൂട്ടായ്മയുടെയും സംയുക്ത സംരംഭം.

IISER TVM

# ആരൊക്കെ ബാധിതരാകാം?



## 8 ൽ 1 എന്ന കണക്കിൽ സ്ത്രീകളിൽ

സ്തനാർബുദം കണ്ടുവരുന്നു.

വിരളമാണെങ്കിലും **പുരുഷന്മാരെയും സ്തനാർബുദം ബാധിക്കാറുണ്ട്.** 100 രോഗികളിൽ ഒരാൾ പുരുഷൻ ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.



## സ്തനാർബുദ രോഗികളുടെ എണ്ണം വർധിച്ചുവരുകയാണ്




ഇന്ത്യയിലെ സ്തനാർബുദത്തിന്റെ കണക്കുകൾ

ഈ അവസരത്തിൽ **സ്തനാർബുദത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് പ്രസക്തിയേറുന്നു.**



## അപകടകരമായ ഘടകങ്ങൾ

**കൃത്യ സമയത്തുള്ള** രോഗനിർണയം നിങ്ങളുടെ **ജീവൻ** രക്ഷിക്കും

- **30 വയസ്സിന് മുകളിൽ പ്രായം.**
- **ചെറുപ്രായത്തിലെ ആർത്തവം, വൈകിയുള്ള ആർത്തവവിരാമം.**
- **ദൈർഘ്യം കുറഞ്ഞ ഗർഭകാലം, വൈകിയുള്ള ഗർഭധാരണം.**
- **മുലയൂട്ടാത്തിരിക്കുക**
- **ജനിതക ഘടകങ്ങൾ**
- **കൊഴുപ്പേറിയ ഭക്ഷണം, മദ്യപാനം, മായം കലർന്ന ഭക്ഷണപദാർത്ഥങ്ങൾ**
- **ബാഹ്യഘടകങ്ങൾ**
- **ചില മരുന്നുകൾ, ഈസ്ട്രജൻ ചികിത്സ, വന്ധ്യത ചികിത്സ**
- **ഹോർമോണുകൾ, ജീനുകളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ (mutation)**
- **മാനസിക സമ്മർദ്ദം**

### രോഗത്തിന് വഴിയൊരുക്കേണ്ടതുണ്ടോ?

സ്തനാർബുദം എന്താണെന്ന് അറിയേണ്ടതും രോഗനിർണയം നടത്തേണ്ടതും അനിവാര്യമാണ്.

* ഡോ. ഹേമ ഫ്രാൻസിസ്, മെഡിക്കൽ ഓഫീസർ ഐസർ തിരുവനന്തപുരം



## സ്വയം രോഗനിർണയം നടത്താം



ചുമലുകൾ വിടർത്തി കൈകൾ ഇടുപ്പിലുറപ്പിച്ച് നെഞ്ചിലേക്ക് നോക്കുക.



സ്തനങ്ങൾ സാധാരണമായി എങ്ങനെയാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം.



കൈകൾ ഉപയോഗിച്ച് അസ്വാഭാവികമായി എന്തെങ്കിലും തടിപ്പ് സ്തനങ്ങളിൽ ഉണ്ടോ എന്ന് പരിശോധിക്കുക.



മുകളിൽ കൊടുത്തിരിക്കുന്ന പോലെ സാവധാനം അമർത്തുക.



മുലകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ദ്രാവകം ഉണ്ടാവുന്നുണ്ടോ എന്ന് അമർത്തി നോക്കുക.



വ്യത്യസ്ത സ്ഥാനങ്ങളിൽ ഈ പരിശോധന ആവർത്തിക്കുക

**രോഗത്തെക്കുറിച്ചുള്ള കേട്ടുകേൾവി മാത്രം പോരാ . അറിവ് നേടുക, പകർന്നു നൽകുക**

രോഗം ഉണ്ടെന്ന് അറിഞ്ഞാൽ ഉടൻ തന്നെ ചികത്സ തേടുക.
സ്തനങ്ങളിൽ എന്തെങ്കിലും അസ്വാഭാവികത ശ്രദ്ധിച്ചാൽ **യാതൊരു മടിയും കൂടാതെ ചികിത്സ ഉറപ്പാക്കേണ്ടതാണ്.**